

കുറിപ്പ്

# കാക്കപ്പേടി പിടിച്ച സിങ്കപ്പൂർ

പല പേടികളെക്കുറിച്ചും കേട്ടിട്ടുണ്ട്, ചിലത് അനുഭവിച്ചിട്ടുമുണ്ട്. പക്ഷേ, കാക്കപ്പേടി പിടിച്ച ഒരു രാജ്യത്തെ ഞാനാദ്യമായാണ് പരിചയപ്പെടുന്നത്. വികസനത്തിന്റെയും വൃത്തിയുടെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും കാര്യത്തിൽ മുൻനിരയിൽ നിൽക്കുന്ന ഒരു രാജ്യമാണല്ലോ സിങ്കപ്പൂർ. സിങ്കപ്പൂർ, വികസന-വിദ്യാർത്ഥികൾക്ക് എന്നും ഒരു അദ്ഭുതമായിരുന്നു. സ്വാതന്ത്ര്യം കിട്ടുമ്പോൾ ഇന്ത്യയേക്കാൾ മോശമായിരുന്നു സിങ്കപ്പൂരിന്റെ സ്ഥിതി. എന്നാലിപ്പോൾ, വികസനത്തിന്റെ ഒരു ഉദാത്തമാതൃകയാണ് ആ രാജ്യം. പക്ഷേ, അധികമാരും ശ്രദ്ധിക്കപ്പെടാത്ത ഒരു വൈകൃതം ആ രാജ്യത്ത് പടർന്നിട്ടുണ്ട്- 'കാക്കപ്പേടി'. കാക്കയൊഴിച്ച്, വിവിധ രാജ്യങ്ങളിലെ വിവിധ തരത്തിലുള്ള പക്ഷികളുടെ ഒരു മനോഹരമായ പാർക്ക് (ജുറോഗ് പക്ഷിസങ്കേതം) വിനോദസഞ്ചാരികൾക്കായി ഒരുക്കിനിർത്തിയിട്ടുണ്ടിവിടെ. പക്ഷേ, അവിടെയെങ്ങും കാക്കയില്ലെന്ന് മാത്രമല്ല, കാക്കയെ കണ്ടാൽ വെടിവെച്ച് കൊല്ലാൻ ഗവൺമെന്റ് വർഷം തോറും കരാറും കൊടുക്കുന്നുണ്ട്. പാവം കാക്കകളോടിത്രമാത്രം ക്രൂരത കാട്ടുന്ന ഒരു രാജ്യത്തെപ്പറ്റി എന്തുപറയാൻ?

വൈലോപ്പിള്ളിയുടെ 'കർക്കിടകത്തിലെ കാക്കകൾ' എന്ന കവിതയിൽ ആർത്തിമൂത്ത മനുഷ്യന്റെ ക്രൂരതയെക്കുറിച്ച് തള്ളകാക്ക കുഞ്ഞുങ്ങളോട് പറയുന്ന ഒരു സന്ദർഭമുണ്ട്. മഴക്കാലത്ത് കടുത്ത ദുർഭിക്ഷത നേരിടുന്ന മനുഷ്യർ തോട്ടിൽ തിമിർക്കുന്ന തവളക്കുഞ്ഞുങ്ങളെപ്പോലും തിന്നുതീർത്തു. 'നമ്മളെയും കൊന്നുതിന്നുമോ?' എന്നു ചോദിക്കുന്ന കുഞ്ഞുങ്ങളോട് തള്ളകാക്ക പറയുന്നു.

"നമ്മെയും തിന്നും, ചൊല്വൂ 'വിശക്കുമ്പോൾ
നന്നു കാക്കയിറച്ചിയു' മെന്നവർ
വല്ല കൊമ്പിലിടം വലം നോക്കാതെ-
യുല്ലസിച്ചിരുന്നീടൊലാ മക്കളെ!
വെടിവെക്കുമിവറ്റ, കല്ലേറിനാൽ
പൊടിതീറ്റുമിവറ്റതൻ കുട്ടികൾ"

നിങ്ങളെ വെടിവെച്ചുകൊല്ലാൻ സാദ്ധ്യതയുണ്ടെന്നു പറഞ്ഞ് കുഞ്ഞുങ്ങളെ പേടിപ്പിക്കുന്ന പശ്ചാത്തലം നാട്ടിലെ ക്ഷാമമാണ്. ഇതൊരു വെറും കവിഭാവന. പക്ഷേ, സിങ്കപ്പൂരിൽ കാക്കയെ വെടിവെക്കൽ ഒരു ഗവൺമെന്റ് നടപടിയാണ്. ഒരു കഷണം പേപ്പർ നിലത്തിട്ടാൽ ശിക്ഷകൊടുക്കുന്ന രാജ്യമാണ് സിങ്കപ്പൂർ. കുട്ടികൾ ച്യൂയിംഗം കഴിച്ച് ലിഫ്റ്റും ചുമരുകളും വൃത്തികേടാക്കുന്നെന്ന് പറഞ്ഞ് ച്യൂയിംഗം നിരോധിച്ച രാജ്യമാണ് സിങ്കപ്പൂർ.

വൃത്തിയുടെ കാര്യത്തിൽ ദുർവാശിപിടിച്ച സിങ്കപ്പൂർ ഭരണാധികാരികൾക്ക് കാക്കയോട് ഇത്രമാത്രം വൈരാഗ്യം വരേണ്ടതുണ്ടോ? കാക്കകൾ, പാമോയിൽ തോട്ടങ്ങളിലെ കീടങ്ങളെ നശിപ്പിക്കുന്നെന്നുകണ്ട് കൂട്ടത്തോടെ, തോട്ടത്തിൽ സംരക്ഷിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നുപോലും! കാലം മാറി, തോട്ടകൃഷി മാറി, വ്യവസായവൽക്കരണം വന്നു. കാക്കയെ വേണ്ടാതായി.

വൃത്തിയുടെ കാര്യത്തിൽ ദുർവാശിപിടിച്ച സിങ്കപ്പൂർക്കാർക്ക് വലിയ പരാതി. കാക്കകൾ അവശിഷ്ടങ്ങൾ കൊത്തിവലിച്ച് പരിസരം വൃത്തികേടാക്കുന്നുവത്രേ! റോഡിലും കെട്ടിടങ്ങളിലും പൂന്തോട്ടങ്ങളിലും വാഹനങ്ങളിലുമൊക്കെ കാഷ്ഠിച്ചിടുന്ന കാക്കക്കൂട്ടം ചെറിയ ജീവികളെ മാത്രമല്ല, വവ്വാലുകളെവരെ കൊല്ലും പോലും!

കൂടുതൽ അന്വേഷിച്ചപ്പോൾ ഇതുമാത്രമല്ല കാരണങ്ങളെന്ന് മനസ്സിലായി. ചൈനാക്കാരുടെ കഷണ്ടി



പരിസരം ശുചിയാക്കുന്ന പക്ഷിയായ കാക്കയെ വൃത്തിയുടെ പേരിൽ ഒരു രാജ്യം വെടിവെച്ചു കൊല്ലുന്നു!

■ ഡോ. പി. മോഹനൻപിള്ള

ത്തലകൾകണ്ട് സിങ്കപ്പൂർ കാക്കകൾ കാഷ്ഠിക്കുക മാത്രമല്ല, ചെറിയ കൊത്തും കൊടുത്തുപോലും! പോരേ, പിന്നെ പൂരത്തിന്!

ഏതായാലും കാക്കയെകണ്ടാൽ ദേഷ്യം കൊണ്ട് മുഖം ചുവക്കുന്ന തോക്ക് ലൈസൻസുള്ള സിങ്കപ്പൂരികൾ ഇവയെ ഉടൻ വെടിവെച്ച് കൊല്ലും. തോക്ക് ലൈസൻസ് കിട്ടാൻ ബുദ്ധിമുട്ടാണ് സിങ്കപ്പൂരിൽ. അതുകൊണ്ട് തോക്കില്ലാത്തവർ ഉടൻ ഷൂട്ടിങ് ക്ലബ്ബിൽ വിവരമറിയിക്കും. അതുമാത്രമല്ല, വൃക്ഷങ്ങളുടെ ശിഖരങ്ങളിൽ കൂടുകൂട്ടുമെന്ന് ഭയന്ന് അത് മുറിച്ചുകളയുന്ന ഒരേർപ്പാടുമുണ്ട്. വികസനകാര്യത്തിൽ പിന്നോക്കമാണെങ്കിലും, "കാക്കേ കാക്കേ കൂടെവിടെ, കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ, കുഞ്ഞിന് തീറ്റ കൊടുക്കാഞ്ഞാൽ കുഞ്ഞുകിടന്നു കരഞ്ഞീടും" എന്ന് ശിശുവിനൊക്കൊണ്ടു പറയിപ്പിക്കുന്ന കവിയുടെ പ്രകൃതി സ്നേഹമെവിടെ, വികസനത്തിന്റെ പാരമ്യതയിലെത്തി നിൽക്കുന്ന ഒരു രാജ്യത്തിന്റെ കാക്കക്കൊലവിളിയെവിടെ? പ്രകൃതിയിലെ മറ്റ് ജീവജാലങ്ങളോടുള്ള ഇത്തരം എതിർ ഇടപെടലുകൾക്ക് ഊർജം കൊടുക്കുന്ന പാരിസ്ഥിതികനീതി അദ്ഭുതം തന്നെ.

## അയ്യോ! കാക്ക പറ്റിച്ചു

കാക്കയെ വെടിവെക്കാൻ ആദ്യം ആജ്ഞാപിച്ചത് സൈന്യത്തോടായിരുന്നു. പറവകളിൽ അല്പം ബുദ്ധികൂടുതൽ കാക്കയ്ക്കാണല്ലോ. പോരാത്തതിന് ഇത്രകണ്ട് ഒത്തൊരുമയും വർഗസ്നേഹവുമുള്ള പക്ഷി വേറെയില്ല. ഏതെങ്കിലും കാക്കയ്ക്ക് അപകടമുണ്ടായാൽ പറ്റമായി പറന്നുവന്ന് ചുറ്റുംകൂടി കോലാഹലമുണ്ടാക്കുന്ന പക്ഷിയാണല്ലോ കാക്ക. വെടിയുടെ ശബ്ദം കേൾക്കുമ്പോഴേ കാക്ക, അപകടസൂചന നൽകി മറ്റു കാക്കകളെ വിവരമറിയിക്കും. സൈന്യത്തിന്റെ കാക്കവേട്ട, അമ്പേ പരാജയമായിരുന്നുപോലും. അതിനുശേഷമാണ് സിങ്കപ്പൂർ ഷൂട്ടിങ് ക്ലബ്ബിനെ വെടിവയ്ക്കാനേല്പിച്ചത്. കാക്കയുടെ ചിറഞ്ഞുനോട്ടം മറികടക്കാൻ കറങ്ങുന്ന റബ്ബർകാക്കകളെ ഉണ്ടാക്കി പ്രത്യേകം വെടിവെക്കൽ പരിശീലനം നടത്തിയാണു പോലും ക്ലബ്ബിലെ വിദഗ്ദ്ധസംഘം കൃത്യത്തിനിറങ്ങിയത്.

1973-ലാണ് സിങ്കപ്പൂർ സൈന്യം കാക്കവധം തുടങ്ങുന്നത്. പരാജയപ്പെട്ട സൈന്യം 1982 മുതൽ ഷൂട്ടിങ് ക്ലബ്ബിന് 'വധക്കരാർ' കൊടുത്തുതുടങ്ങി. ഗവൺമെന്റിന്റെ കണക്കനുസരിച്ച് രണ്ടായിരത്തിയൊന്നിൽ ഒരുലക്ഷത്തി ഇരുപതിനായിരം കാക്കകൾ സിങ്കപ്പൂരിലുണ്ടായിരുന്നു. വെടിവെച്ചുകൊന്ന് അതിനെ പതിനായിരമായി കുറച്ചു. ഏതായാലും ഉന്മൂലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അങ്ങനെയങ്ങ് ചത്തുകൊടുക്കാൻ തയാറല്ലെന്നാണ് കാക്കകളുടെ പക്ഷം.

'പറക്കുന്ന അക്രമികൾ' എന്നാണ് കാക്കയെ സിങ്കപ്പൂരുകാർ അഭിസംബോധന ചെയ്യുന്നത്. കുറച്ചൊക്കെ കുസൃതിത്തരമുണ്ടെങ്കിലും കാക്ക ഒരു വലിയ അക്രമിയായി നമുക്ക് തോന്നിയിട്ടില്ല. ആഹാരസാധനങ്ങൾ-പ്രത്യേകിച്ച് തേങ്ങാപ്പൂളോ ഉണ്ണിയപ്പമോ, നെയ്യപ്പമോ-കുട്ടികളുടെ കൈയിൽനിന്നും വിദഗ്ദ്ധമായി റാഞ്ചിക്കൊണ്ടു പറക്കുന്ന വിരുതന്മാരാണെങ്കിലും 'കൊള്ളക്കാർ' എന്ന ദുഷ്പേരിന് തക്ക അക്രമസ്വഭാവമൊന്നും നമ്മുടെ കാക്കകൾക്കില്ല.



എന്റെ വീട്ടിനടുത്ത് ഒരു കശുവണ്ടി ഫാക്ടറി ഉണ്ടായിരുന്നു. അതിലെ തൊഴിലാളികൾ, 99 ശതമാനവും സ്ത്രീകളായിരുന്നു. കുറച്ച് പുരുഷന്മാരും. പുരുഷന്മാരുടെ പ്രധാന ജോലി, ഉണങ്ങാനിട്ട പരിപ്പ് കാക്കകൊത്താതെ സൂക്ഷിക്കുകയെന്നതായിരുന്നു. ഒരു വടി, പിന്നെ റബ്ബർവള്ളി കൊണ്ടുണ്ടാക്കിയ 'തെറ്റാൽ' എന്നു വിളിക്കുന്ന ഒരു സാധനം, ഇവയായിരുന്നു അവരുടെ ആയുധങ്ങൾ. ഒരു കല്ല്, റബ്ബർ വള്ളിയുടെ മദ്ധ്യത്തിൽവെച്ച് പിറകിലോട്ട് വലിച്ചാൽ കാക്കയുടെ ശരീരത്തിൽക്കൊള്ളുമെന്നാണ് ധാരണ. പക്ഷേ, കല്ല് തൊടുക്കുമ്പോഴേക്കും കാക്ക പറന്നുപോകും. കാക്കയെ പേടിപ്പിക്കുന്ന ഇവരെ 'കാക്കവാച്ചർ' എന്നാണ് വിളിക്കുന്നത്. രസകരമായ കാര്യം, ഇവരുടെ പേരിന്റെ കൂടെ 'കാക്ക' എന്നുകൂടി പതിയുമായിരുന്നു. കാക്കവാച്ചർ രാമനെ കാക്ക രാമനെന്നും, വാച്ചറുടെ മകൻ വാസുവിനെ 'കാക്കവാസു'വെന്നും മകളെ 'കാക്കരാധ'യെന്നും ഇരട്ടപ്പേര് വിളിക്കും. അതൊന്നും ഒരു കളിയാക്കലായി ആരും കരുതിയിട്ടില്ല. കാരണം, കുഗ്രാമത്തിലെ കശുവണ്ടി ഫാക്ടറിയിലെ മാസവരുമാനമുള്ള വാച്ചർ തസ്തിക ആ കാലത്ത് ഒരു 'നല്ല' ജോലിയായിരുന്നു, ശമ്പളം കുറവാണെങ്കിലും.

## വൈലോപ്പിള്ളിയുടെ കാക്ക

കുട്ടിക്കാലത്തു നടന്ന ഒരു രസകരമായ സംഭവം ഓർമ്മയിൽ വരുന്നു. പണ്ടൊക്കെ അരി പുഴുങ്ങി ഉണങ്ങാനിടുമ്പോൾ കാക്കകൊത്താതിരിക്കാൻ കുട്ടികളെയും പ്രായമായ സ്ത്രീകളെയും സൂക്ഷിപ്പുകാരാക്കി നിർത്തുന്ന ഒരേർപ്പാടുണ്ടായിരുന്നു. കുട്ടിക്കാലത്ത് വീട്ടിലെ മുതിർന്നവരെല്ലാം കൂടി എനിക്ക് 'കാക്കവാച്ചർ' എന്ന ഇരട്ടപ്പേരിട്ടു. കാരണം, പുഴുങ്ങിയ നെല്ല് വെയിലത്തിട്ടാൽ കാക്ക കൊത്താതെ നോക്കുക എന്റെ ചുമതലയായിരുന്നു. അധികനാൾ എനിക്കാ പോസ്റ്റിൽ തുടരേണ്ടി വന്നില്ല. കാക്കത്തൂവൽ തൂക്കിയിട്ടാൽ, കാക്ക പേടിച്ച് വരില്ലെന്നൊരു വിശ്വാസമുണ്ടായിരുന്നു. എന്റെ സുഹൃത്ത് ഗോപിനാഥൻ, എവിടെനിന്നോ ഒരു തൂവൽ ഒപ്പിച്ചുകൊണ്ടുവന്ന് അതൊരു കൊ



മ്പിൽ തൂക്കി, ഉണങ്ങാൻ ചിക്കിയിട്ട പുഴുങ്ങിയ നെല്ല് പരത്തിയ പായുടെ അറ്റത്ത് ഉറപ്പിച്ചുവെച്ച് ഞങ്ങൾ കളിക്കാൻ പോയി. തിരികെ വന്നപ്പോൾ കണ്ട കാഴ്ച ഭയാനകമായിരുന്നു. നെല്ല് വിരിച്ച പായിൽ കാക്കയുടെ ആക്രമണം. വീട്ടിലെ മുതിർന്നവരെല്ലാം വടിചുഴറ്റി കാക്കയെ തെറിവിളിക്കുന്നു. എനിക്കന്ന് അടിയും കിട്ടി. പിന്നെയോ? കാക്കവാച്ചർ പോസ്റ്റിൽനിന്ന് ഡിസ്മിസ്സ് ചെയ്യുകയും ചെയ്തു. അതുമാത്രമല്ല, 'ബുദ്ധിയില്ലാത്ത കഴുതേ' എന്നൊരു ഭർത്സനവും. അതിന്റെ അർത്ഥം, എന്നെക്കാൾ കൂടുതൽ ബുദ്ധി കാക്കയ്ക്കാണെന്നാണല്ലോ!

വൈലോപ്പിള്ളി പറഞ്ഞതുപോലെ, വീട്ടുകാരികൾക്കൊരു പ്രിയം കാക്കയോടുണ്ടല്ലോ. കാക്ക വിരുന്ന് വിളിച്ചാൽ ഉണ്ണാൻ വിരുന്നുകാരുണ്ടാകുമെന്നുറപ്പ്. "കേൾക്കാം പുളിമരക്കൊമ്പിൽനിന്നും കാക്ക കരഞ്ഞിടുമാർത്തനാദം"- നേരം വെളുത്തെന്ന് വീട്ടുകാരെ അറിയിക്കുന്ന ഒരുണർത്തുപാട്ട്. കാക്കയുടെ പ്രാധാന്യം അറിയണമെങ്കിൽ മരണാനന്തരച്ചടങ്ങുകൾ ശ്രദ്ധിക്കുക. പിതൃപിണ്ഡം കൊത്തി ഞങ്ങളെ അനുഗ്രഹിക്കുക, എന്നു ധ്യാനിച്ച് കാക്കകളെ കൈകൊട്ടി വിളിക്കുന്ന ആ രംഗം. കാക്ക, പിണ്ഡം കൊത്തിയില്ലെങ്കിൽ വീട്ടുകാർക്കുണ്ടാകുന്ന അങ്കലാപ്പ് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. ആത്മാക്കൾ ബലിക്കാക്കകളെ വാഹനമാക്കി വരും. കാക്ക, ബലിച്ചോറുകൊത്തിയില്ലെങ്കിൽ മരിച്ച ആളുടെ ആത്മാവ് പ്രതിഷേധത്തിലാണുപോലും! നമ്മുടെ സംസ്കാരവുമായി, അത് എത്ര മുന്തിയതായാലും അധമമായാലും, അതുമായി സമരസപ്പെട്ട് സഹസ്രാബ്ദങ്ങളായി നമ്മളോട് ഇഴുകിച്ചേർന്നു ജീവിക്കുന്ന ഒരു പാവം പക്ഷി വൃത്തിയുടെ പേരിൽ നിഗ്രഹിക്കപ്പെടുമ്പോൾ എനിക്കു തോന്നിയത് നമ്മുടെ കാക്കയെക്കുറിച്ചുള്ള വൈലോപ്പിള്ളി കവിത തർജമചെയ്തുകൊടുത്ത് സിങ്കപ്പൂരികളുടെ മനസ്സ് മാറ്റിയാലോ എന്നായിരുന്നു, പാഴ്‌വേലയാണെങ്കിലും. ഈ അടുത്ത കാലത്ത് ഏതോ പരിസ്ഥിതി സംഘടന, ഈ കൊടുംപാതകത്തെക്കുറിച്ച് എഴുതിയിരുന്നു എന്ന് എന്റെ വിദ്യാർത്ഥിയും, സിങ്കപ്പൂർ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറുമായ ടി.ടി. ശ്രീകുമാർ പറഞ്ഞു. പരിസരം വൃത്തികേടാക്കുമെന്നാണല്ലോ സിങ്കപ്പൂരുകാരുടെ പരാതി. കവിക്കതിനു മറുപടിയുണ്ട്.

"ചീത്തകൾ കൊത്തി
വലിക്കുകിലു-
മേറ്റവും വൃത്തിവെടിപ്പെഴുന്നോൾ
.........................
പാരിലഴുക്കുപെടുന്ന ദിക്കിൽ,
ചാഴിപുഴുക്കൾ കടന്ന ദിക്കിൽ
വേലയ്ക്കുചെന്നുമിനപ്പെടുത്തും
നീലപുലക്കള്ളിയല്ലികാക്ക?"

– 'കാക്ക', വൈലോപ്പിള്ളി

അഴുക്കുള്ള സ്ഥലത്തെല്ലാം പോയി വൃത്തിയാക്കുന്നവളത്രേ കാക്ക. നേരത്തേ ചൂണ്ടിക്കാട്ടിയതുപോലെ തോട്ടങ്ങളിലെ പുഴുക്കളേയും കീടങ്ങളേയും നശിപ്പിക്കാൻ സിങ്കപ്പൂരുകാർ നിയോഗിച്ചതും ഈ പാവം പക്ഷിയേയാണ്. അതിനോടിത്രയും വൈരവും നിന്ദയും വേണോ?

മകന്റെ കൂടെയുള്ള ഒരു മാസത്തെ താമസത്തിനുശേഷം തിരിച്ചുപോരുമ്പോൾ മനസ്സുനിറയെ അവശേഷിക്കുന്ന പതിനായിരം കാക്കകളേക്കുറിച്ചുള്ള ചിന്തയായിരുന്നു. പിന്നെയൊരു സമാധാനം സിങ്കപ്പൂരിൽ വംശമറ്റാലും മറ്റിടങ്ങളിൽ കാക്ക സമൃദ്ധമായിട്ടുണ്ടല്ലോ എന്നായിരുന്നു. പക്ഷേ, സിങ്കപ്പൂരുകാരുടെ കാക്കപ്പേടി മറ്റിടങ്ങളിലും കൂടി പടർന്നാൽ എന്തായിരിക്കും സ്ഥിതി? ■